**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2415** **17-03-2022 - ൽ മറുപടിയ്ക്ക്**

**വെർച്ചൽ ഓഗ്മെന്റഡ് റിയാലിറ്റി സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വെർച്ചൽ ഓഗ്മെന്റഡ് റിയാലിറ്റി സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി കുട്ടികൾക്ക് സ്കൂൾ അന്തരീക്ഷത്തിൽ പഠനം സാധ്യമാക്കുന്ന രീതിയിൽ ഒരു പൊതു ഓൺലൈൻ അധ്യയന സംവിധാനം സൃഷ്ടിക്കുമെന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എത്ര തുക ധനകാര്യവകുപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (എ) | പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി മുഖ്യ നിയന്ത്രണാധികാരിയായ 2202-02-800-47-ഐ.ടി.@സ്കൂൾ പദ്ധതി (പദ്ധതി) എന്ന ശീർഷകത്തിൽ നിന്നുമാണ് വെർച്ചൽ ഓഗ്മെന്റഡ് റിയാലിറ്റി സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി കുട്ടികൾക്ക് സ്കൂൾ അന്തരീക്ഷത്തിൽ പഠനം സാധ്യമാകുന്ന രീതിയിൽ പൊതു ഓൺലൈൻ അധ്യയന സംവിധാനം സൃഷ്ടിക്കുന്നതിന് വേണ്ട തുക കണ്ടെത്തേണ്ടത്. ടി ശീർഷകത്തിൽ നടപ്പുവർഷം 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മേൽ ആവശ്യത്തിനായി ടി ശീർഷകത്തിൽ നിന്ന് പ്രത്യേകമായി ഒരു തുകയും ചെലവാക്കിയിട്ടില്ല. എന്നാൽ കൈറ്റ് വിക്ടേഴ്സിലൂടെ ഡിജിറ്റൽ ക്ലാസുകൾ സംപ്രേഷണം ചെയ്യുന്നതിനോടൊപ്പം കുട്ടികൾക്ക് അധ്യാപകരുമായി നേരിട്ട് ആശയവിനിമയം നടത്തുന്നതിനുള്ള ഓൺലൈൻ സംവിധാനം കൈറ്റ് (Kerala Infrastructure and Technology for Education) - ന്റെ തനത് ഫണ്ട് പ്രയോജനപ്പെടുത്തി നിലവിലുള്ള സംവിധാനങ്ങൾ (ജി-സ്യൂട്ട് പ്ലാറ്റ്ഫോം) ഉപയോഗിച്ച് 8 മുതൽ 12 വരെയുള്ള ക്ലാസുകളിലെ 20 ലക്ഷത്തോളം കുട്ടികൾക്കും ഒരു ലക്ഷത്തോളം അധ്യാപകർക്കും സൗകര്യം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ